# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മരുതോങ്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 11/1848/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരുതോങ്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 11/1848/2023 തീയ്യതി: 22/12/2023

## കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയരക്ടർ | 25-11-2023 | 02-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2023 | 02-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ഗിരീശൻ പാറപ്പൊയിൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.രാജീവൻ എൻ, സീ.ഗ്രേ.ഓഡിറ്റർ

ശ്രീ. ജാസിർ സി.എം,സീ.ഗ്രേ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സജിത്ത് കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സുജിത്ത് ടി.വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആതിര കെ.കെ | കൃഷി ഓഫീസർ | 01-04-2022 | 27-10-2022 |
| ശ്രീമതി സ്വാതി | കൃഷി ഓഫീസർ | 28-10-2022 | 31-03-2023 |
| ശ്രീമതി വിദ്യാലക്ഷ്മി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. അഖില | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീ. അശോകൻ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. ബി ഹജിപ്രസാദ് | അസി.എഞ്ചിനീയർ | 01-04-2022 | 04-08-2022 |
| ശ്രീ. ഷജീവ്യ കെ.കെ | അസി.എഞ്ചിനീയർ | 05-08-2022 | 31-03-2023 |
| ശ്രീ. സന്തോഷ്കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 16-12-2022 |
| ശ്രീമതി. അഞ്ജന പോൾ | അസിസ്റ്റന്റ് സെക്രട്ടറി | 17-12-2022 | 31-03-2023 |
| ശ്രീ. മനോജ് | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. ദിവ്യ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ. മഹേഷ് കെ.കെ | ഡി.എഫ്.ഐ | 01-04-2022 | 13-11-2022 |
| ശ്രീമതി. സറീന ഒ.യു | ഡി.എഫ്.ഐ | 14-11-2022 | 31-03-2023 |
| ശ്രീ. ജലജ എം ജോർജ് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ്-ഫ്ലോ പത്രിക | 1-1-2 |
| 4 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് യഥാസമയം ഡിമാന്റ് എൻട്രി വരുത്തുന്നില്ല | 1-1-3 |
| 5 | പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-4 |
| 6 | ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ഇ-ടെണ്ടർ ഫീ | 1-1-6 |
| 8 | സി.എഫ് .സി നീക്കിയിരിപ്പ് ഉകകൾ തമ്മിൽ വ്യത്യാസം | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 14 | ടാക്സ് ഓഡിറ്റ് | 1-7 |
| 15 | ജാനകിക്കാട് ഇക്കോ ടൂറിസം സെന്ററിനോട് ചേർന്ന് റിസോർട്ട് പ്രവർത്തിക്കുന്നത് സംബന്ധിച്ച് | 1-8 |
| 16 | എസ്.എസ്.എ.വിഹിതം നൽകുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-9 |
| 17 | കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ - റെയ്ഡ്കോയ്ക്ക് അമിത നിരക്ക് നൽകി | 1-10 |
| 18 | ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല | 1-11 |
| 19 | മൃഗാശുപത്രിയിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - പ്രൈസ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-12 |
| 20 | റോഡ് അറ്റകുറ്റപ്പണി സമയബന്ധിതമല്ല- അറ്റകുറ്റപ്പണിക്ക് ചെലവേറുന്നു | 1-13 |
| 21 | ലൈഫ് ഭവന നിർമ്മാണ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച | 1-14 |
| 22 | പെണ്ണാട് വിതരണം(വനിത) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-15 |
| 23 | കാലിത്തീറ്റ സബ്സിഡി നൽകിയതിലെ അപാകതകൾ | 1-16 |
| 24 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 1-17 |
| 25 | കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച | 1-18 |
| 26 | കരാറുകാരുമായി വയ്ക്കുന്ന കരാറിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടത് | 1-19 |
| 27 | റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല | 1-20 |
| 28 | പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-21 |
| 29 | കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 30 | അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കിയില്ല. | 1-23 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 11.05.2023 തിയ്യതിയിലെ 02/01 തീരുമാന പ്രകാരം തയ്യാറാക്കി 12.05.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മരുതോങ്കര ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മരുതോങ്കര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

#### 1-1-1 എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ- റേഷ്യോസ്.

#### 1-1-2 ക്യാഷ്-ഫ്ലോ പത്രിക

വാർഷികകണക്കിനോടൊന്നിച്ച് സമർപ്പിച്ച ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് യഥാസമയം ഡിമാന്റ് എൻട്രി വരുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ-വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

### 1-1-4 പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

### 1-1-5 ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ രേഖപ്പെടുത്തിയിട്ടില്ല

ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ആയത് ജേർണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

### 1-1-6 ഇ-ടെണ്ടർ ഫീ

ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക നിലവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എക്കൗണ്ടിലേക്കാണ് വരവ് വെക്കുന്നത്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വിഹിതം ഡിമാന്റ് ചെയ്ത് ആയത് ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15 ൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 സി.എഫ് .സി നീക്കിയിരിപ്പ് തുകകൾ തമ്മിൽ വ്യത്യാസം

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പി.എഫ്.എം .എസ് ഇനത്തിൽ വാർഷിക കണക്ക് ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് തുക 46,05,834/-രൂപയാണ്.എന്നാൽ ബി-17 പ്രകാരം നീക്കിയിരിപ്പ് തുക 46,38,681/- രൂപയാണ്. ഇവ തമ്മിൽ 32,847/-രൂപ വ്യത്യാസം നിലനില്ക്കുന്നു.

### 1-2 ബജറ്റ്

16.03.2022 തീയതിയിലെ 01/01 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 13.03.2023 തീയതിയിലെ 01/01 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11108108 |
| വരവ് | 34949353 |
| ആകെ | 46057461 |
| ചെലവ് | 33212542 |
| നീക്കിയിരിപ്പ് | 12844919 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 20818000 | 20818000 | 20818000 | - |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 1981000 | 1981000 | 1981000 | 0 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 402000 | 402000 | 402000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 13832000 | 13832000 | 9906750 | 3925250 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4712000 | 4712000 | 4712000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | PFMS | 2473431 | 5745000 | 8218431 | 5729866 | 2488565 |
| | TREASURY | 0 | 659909 | 659909 | 496918 | 162991 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | PFMS | 67023 | 4000947 | 4067970 | 1950701 | 2117269 |
| | TREASURY | 0 | 12 | 12 | 0 | 12 |

**1-5 പദ്ധതി അവലോകനം**

197 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 158പ്രൊജക്ടുകൾ നടപ്പിലാക്കി. 122797127 രൂപ പദ്ധതിയിൽ വകയിരുത്തിയതിൽ 55486112 രൂപ ചെലവഴിച്ചു. പൊതുവിഭാഗം വികസനഫണ്ടിന്റെ 99.52% തുക ചെലവഴിച്ചിട്ടുണ്ട്. എസ്.സി.പി ,ടി.എസ്.പി എന്നീ ഇനങ്ങളിൽ ലഭിച്ച തുക മുഴവൻ ചെലവഴിച്ചിട്ടുണ്ട്. റോഡ് മെയിന്റനൻസ് ഗ്രാന്റിൽ ലഭിച്ച തുകയുടെ 71.62 ശതമാനമാണ് ചെലവ് . റോഡ് മെയിന്റനൻസ് ഗ്രാന്റിൽ ലഭിച്ച തുകയിൽ 3925250 രൂപ ചെവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് മേഖലയിലും ചെറുകിടവ്യവസായമേഖലയിലും വനിതാഘടക പദ്ധതിയിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

**1-6 ആഭ്യന്തര നിയന്ത്രണം**

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

ഓഫീസ് ഉത്തരവ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ എല്ലാ ഉത്തരവാദിത്വങ്ങളും ജീവനക്കാർക്ക് കൃത്യമായി വിഭജിച്ചു നൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി വിഭജനം ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗ് നടത്തി ഓരോ മാസവും പഞ്ചായത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളും ഇതുവരെ ചെയ്ത പ്രവർത്തന പുരോഗതിയും വിലയിരുത്തുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

**1-7 ടാക്സ് ഓഡിറ്റ്**

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ അടിസ്ഥാനപ്പെടുത്തികൊണ്ടുള്ള ടാക്സ് ഓഡിറ്റ് നടത്തിയതിൽ കണ്ടെത്തിയ വസ്തുതകൾ വിവിധ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും

ചുമത്തുന്നതിനും വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്.

**1. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനട്സ് പരിശോധിച്ചതിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. കെട്ടിട നികുതി പിരിവ് 100 % കൈവരിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

**എ). നികുതി പിരിവ്**

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി, തൊഴിൽ നികുതി വരവ്, ഈയിനത്തിലെ യഥാർത്ഥ വരവ് എന്നിവ ചുവടെ കൊടുക്കുന്നു.

| നികുതിയിനം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 45,00000 | 3546859 | 953141 |
| തൊഴിൽ നികുതി | 1700000 | 940710 | 759290 |
| ആകെ | 6200000 | 4487569 | 1712431 |

**വസ്തുനികുതി**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് വസ്തുനികുതി ചുമത്താവുന്നതാണ്.

മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**അടിസ്ഥാന വിവരങ്ങൾ**

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് ഉപയോഗിക്കുന്ന 9369 കെട്ടിടങ്ങളും 5 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 202 എണ്ണം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്.

**2023 – 24 ലെ നികുതി പരിഷ്കരണം**

22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.07.2023ലെ 2/1

നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ SC1-1704/2023തി-04.08.2023 നമ്പരായി അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ , ത്രിതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. വസ്തുനികുതി പരിഷ്കരിച്ചത് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്.

**ഫീൽഡ്തല പരിശോധനകൾ**

വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടങ്ങളിൽ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം വസ്തുനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്.

**സേവന ഉപനികുതി**

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തുന്നില്ല.

മറ്റ് തനത് വരവുകൾ

ഗ്രാമപഞ്ചായത്തിൽ മറ്റ് തനത് വരുമാന മാർഗ്ഗങ്ങളായ സംരംഭക ലൈസൻസ്, തൊഴിൽ നികുതി എന്നിവ ലഭ്യമായ സ്രോതസ്സുകളിൽ നിന്നും പരമാവധി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം 273 സംരംഭക ലൈസൻസുകൾ (375 ഡിമാന്റുകൾ) അനുവദിക്കുകയും 1,63,800/- രൂപ ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. സഞ്ചയ അസസ്സ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ആകെ 1376 വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളാണുള്ളത്. 2022-23 വർഷം 90 വാണിജ്യ കെട്ടിടങ്ങൾ വേക്കൻസി റെമിഷന് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. നിലവിലുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തീകരിച്ച് ആയതിന് അനുസൃതമായി വസ്തുനികുതി പരിഷ്കരിക്കേണ്ടതാണ്.

2. സർക്കാർ നിർദ്ദേശിച്ചത് പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

3. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ് – വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കേണ്ടതാണ്.

5. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം നിർമ്മിച്ച് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്ന് കൃത്യമായി ഫീൽഡ് പരിശോധന , പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് എന്നിവ ഫലപ്രദമായി നടത്തി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റ് പിരിവ് നൂറ് ശതമാനം ആക്കുന്നതോടൊപ്പം തന്നെ മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

6. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

**1-8 ജാനകിക്കാട് ഇക്കോ ടൂറിസം സെന്ററിനോട് ചേർന്ന് റിസോർട്ട് പ്രവർത്തിക്കുന്നത് സംബന്ധിച്ച്**

മരുതോങ്കര ഗ്രാമപഞ്ചായത്തിൽ ചവറൻമൂഴി അക്വിഡക്ട് പാലത്തിന് സമീപത്തായി ജാനകിക്കാട് ഇക്കോ ടൂറിസം സെന്ററിനോട് ചേർന്ന് കുറ്റ്യാടി പുഴയുടെ തീരത്ത് ശ്രീ.നിജേഷ് കുമാർ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിക്കുന്ന വാണിജ്യ കെട്ടിടത്തിന് പെർമിറ്റിനായി 12.10.2022 ന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു.എന്നാൽ സമർപ്പിച്ച പ്ലാനിൽ ന്യൂനതകൾ ഉള്ളതിനാൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിരുന്നില്ല.ന്യൂനതകൾ അറിയിച്ച് 25.10.2022 ന് ഉടമയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും കത്ത് നൽകിയിരുന്നു.

01.12.2023 തിയ്യതിയിൽ ഓഡിറ്റിന്റെ ഭാഗമായി സ്ഥാപനം നേരിൽ പരിശോധിച്ചതിൽ ജാനകിക്കാടിനോട് ചേർന്ന് മഴവിൽക്കാട് എന്ന പേരിൽ റിസോർട്ട്, ഫുഡ് കോർട്ട് എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും നിയമാനുസൃതം ലൈസൻസ് എടുക്കാതെയും കെട്ടിടനമ്പർ ഇല്ലാതെയുമാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടത്തിനെതിരെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-9 എസ്.എസ്.എ.വിഹിതം നൽകുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല**

ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികൾക്കായി എസ്.എസ്.എ. വിഹിതം കൈമാറുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 79/23 |
| അടങ്കൽ | 400000/- |
| ഫണ്ട് | വികസന ഫണ്ട്(gen) |
| ചെലവ് | 400000/- |
| ബിൽനം. തി. | 192/23/17.9.22 |

ജില്ലാ പ്രൊജക്ട് കോഓഡിനേറ്ററുടെ ബി-877/22/ssk/16-7-22 നമ്പർ കത്ത് പ്രകാരം വിവിധ അക്കാദമിക് പ്രവർത്തനങ്ങൾ,മരാമത്ത് പ്രവർത്തികൾ, യൂണിഫോം വിതരണം, അധ്യാപകർക്കുള്ള ട്രെയിനിങ്ങുകൾ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്.

സ.ഉ (കൈ)നം.84/2022.തസ്വഭവ. തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.8-6 ൽ ഈ തുക ഉപയോഗിച്ച് ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.എ. പ്രൊജക്ട് ഓഫീസർ അറിയിക്കേണ്ടതാണെന്നും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.എ ഉറപ്പാക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. തുക വിനിയോഗിച്ചതുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/23/02.12.23) മറുപടി സമർപ്പിച്ചിട്ടില്ല. എസ്.എസ്.എ പദ്ധതി നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിന്റെ ഇടപെടൽ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-10 കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ – റെയ്ഡ്കോയ്ക്ക് അമിത നിരക്ക് നൽകി**

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് നമ്പർ - 243/22-23

ചെലവ് - 969107 (സാംക്ഷൻ ഓർഡർ - 360/27.03.23)

ഗ്രാമപഞ്ചായത്തിലെ ചെക്കുറ, തയ്യിൽ, കിളയിൽ എന്നീ കുടിവെള്ളപദ്ധതിയിൽ പുതുതായി മോട്ടോർ സ്ഥാപിച്ചതിനും ചെറിയ കാപ്പുമ്മൽ കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിച്ചതിനും ജി.എസ്.ടി ഉൾപ്പെടെ റെയ്ഡ്കോയ്ക്ക് 9,69,107/- രൂപ സി.എഫ്.സി ഗ്രാന്റിൽ നിന്ന് നൽകിയിട്ടുണ്ട്. റെയ്ഡ്കോയ്ക്ക് നൽകിയ തുകയുടെ ഫയൽ പരിശോധിച്ചതിൽ മോട്ടോർ, കൺട്രോൾ പാനൽ, പൈപ്പുകൾ എന്നിവയുടെ വില, ഫിറ്റിംഗ് ചാർജ്, ട്രാൻസ്പോർട്ടേഷൻ & ഇൻസ്റ്റലേഷൻ ചാർജ് എന്നീ ഇനങ്ങളിൽ മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് നൽകുക വഴി ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം സംഭവിച്ചതായി കാണുന്നു. റെയ്ഡ്കോയ്ക്ക് നൽകിയ തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്, ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|
| 1 | ചെക്കുറ കുടിവെള്ള പദ്ധതി,<br>ചെലവ് -353463 | 15 എച്ച്.പി മോട്ടോർ വില – 195888<br>കൺട്രോൾ പാനൽ" – 39530<br>വയറിംഗ് & എർത്തിംഗ് – 14160<br>ഇൻസ്റ്റലേഷൻ ചാർജ് " – 38940<br>മറ്റുള്ളവ - 64945 |
| 2 | തയ്യിൽക്കുന്ന് കുടിവെള്ള പദ്ധതി,<br>ചെലവ് -248039 | 10 എച്ച്.പി മോട്ടോർ വില – 94022<br>കൺട്രോൾ പാനൽ" – 41300<br>വയറിംഗ് & എർത്തിംഗ് – 12980<br>ഇൻസ്റ്റലേഷൻ ചാർജ് – 33630<br>മറ്റുള്ളവ - 66107 |

| | | |
|---|---|---|
| | | |
| 3 | കിളയിൽ കുടിവെള്ള പദ്ധതി,<br>ചെലവ് -185021 | 5 എച്ച്.പി മോട്ടോർ വില – 61006<br>കൺട്രോൾ പാനൽ" – 25370<br>വയറിംഗ് & എർത്തിംഗ് – 12980<br>ഇൻസ്റ്റലേഷൻ ചാർജ് – 28320<br>മറ്റുള്ളവ - 57345 |
| 4 | ചെറിയകാപ്പുമ്മൽ കുടിവെള്ള പദ്ധതി,<br>ചെലവ് - 182584 | 5 എച്ച്.പി മോട്ടോർ വില – 61006<br>കൺട്രോൾ പാനൽ" – 25370<br>വയറിംഗ് & എർത്തിംഗ് – 12980<br>ഇൻസ്റ്റലേഷൻ ചാർജ് – 28320<br>മറ്റുള്ളവ - 54908 |

**പ്രധാന അപാകതകൾ**

1) മേൽ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റെയ്ഡ്കോ ആവശ്യപ്പെട്ട തുകയ്ക്ക് സെക്രട്ടറിയുമായി കരാർ വെച്ച് തുക നൽകുകയാണ് ചെയ്തത്.

2) മോട്ടോർ പൊതു വിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

3) പ്രവൃത്തിക്ക് ഉപയോഗിച്ച സാധന സാമഗ്രികൾ റെയ്ഡ്കോ നിർമ്മിച്ചതല്ല. പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) മേൽപ്പറഞ്ഞ ചെലവിൽ മോട്ടോർ, വയറിംഗ്, എർത്തിംഗ്, തുടങ്ങിയ മുഴുവൻ സാധനസാമഗ്രികളുടെ വിലയും കൂലിയും ഉൾപ്പെടുന്നു. ഇതിൽ 4 മോട്ടോറുകൾ ഫിറ്റ് ചെയ്തതിന് മാത്രമായി 129210 രൂപ ചെലവഴിച്ചത് യാതൊരു മാനദണ്ഡവും പാലിക്കാതെയും ധനദുർവിനിയോഗവുമാണ്.

5) ക്രമനമ്പർ 1 പ്രകാരമുള്ള മോട്ടോർ CRI കമ്പനിയുടേതാണെന്ന് റെയ്ഡ്കോയുടെ ബില്ലിൽ കാണുന്നുണ്ട്. ഒറിജിനൽ ബിൽ ഹാജരാക്കാത്തതിനാൽ മറ്റ് മോട്ടോറുകളുടെ വിശദവിവരങ്ങൾ ലഭ്യമല്ല. പൊതുവിപണിയിലെ വില അനൗദ്യോഗികമായി അന്വേഷിച്ചതിൽ മോട്ടോറിന്റെ വില

പൊതുവിപണിയിലെ വിലയേക്കാൾ വളരെ ഉയർന്ന നിരക്കിലാണ് റെയ്ഡ്കോ ഈടാക്കിയതെന്ന് കാണുന്നു.

6) ക്രമനമ്പർ 3, 4 എന്നിവ പ്രകാരമുള്ള പ്രവൃത്തികളിൽ ഒരേ സ്പെസിഫിക്കേഷൻ പ്രകാരമുള്ള 5എച്ച്.പി മോട്ടോറുകളാണ് സ്ഥാപിച്ചത്. ക്രമനമ്പർ 3 പ്രകാരം 185021 രൂപയും ക്രമ നമ്പർ 4 പ്രകാരം 1,82,584/- രൂപയും ഇതിനായി ചെലവഴിച്ചു. രണ്ട് പ്രവൃത്തികളുടെ ചെലവുകൾ തമ്മിൽ 2,437/- രൂപയുടെ വ്യത്യാസം മാത്രമാണുള്ളത്. എന്നാൽ ക്രമ നമ്പർ 4 പ്രകാരമുള്ള ചെറിയകാപ്പുമ്മൽ കുടിവെള്ള പദ്ധതിയിൽ, നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിച്ചതാണ്. ക്രമനമ്പർ 3 പ്രകാരമുള്ള കിളയിൽ കുടിവെള്ള പദ്ധതിയിൽ പുതിയ കുടിവെള്ള പദ്ധതിയിൽ മോട്ടോർ സ്ഥാപിച്ചതാണ്. നിലവിലുള്ള മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിനും പുതുതായി മോട്ടോർ സ്ഥാപിക്കുന്നതിനും ഏതാണ്ട് ഒരേ തുക ചെലവഴിച്ചതായാണ് കാണുന്നത്. നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ മോട്ടോർ കൂടാതെ എന്തൊക്കെയാണ് മാറ്റി സ്ഥാപിച്ചതെന്ന് എസ്റ്റിമേറ്റിന്റെ അഭാവത്തിൽ അവ്യക്തമാണ്.

6) മോട്ടോർ മാറ്റി സ്ഥാപിച്ച കേസിൽ പഴയ മോട്ടോർ സ്റ്റോക്കിലെടുത്തതായോ ലേലം ചെയ്ത് തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതായോ കാണുന്നില്ല.

പൊതു വിപണിയിലെ നിരക്ക് പരിശോധിക്കാതെയും ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയും ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന തരത്തിൽ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. മേൽ പ്രവൃത്തികളിലെ ഇനങ്ങൾക്ക് ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി, ചെലവഴിക്കാവുന്ന തുക എത്രയെന്ന് നിർണയിക്കേണ്ടതും അധികം നൽകിയ തുക റെയ്ഡ്കോയിൽ നിന്ന് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. 9,69,107/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

**1-11 ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല**

നിർവ്വഹണോദ്യോഗസ്ഥൻ- അസി എഞ്ചിനീയർ

2015-16 വർഷം മുതൽ മരാമത്ത് പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ ടെണ്ടർ മുഖേന നടത്തി വരുന്നുണ്ട്. അന്നു മുതൽ നാളിതുവരെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. ആരംഭ കാലത്ത് ഫീസ് തുക തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഇ ടെണ്ടറിനായി ആരംഭിച്ച പ്രത്യേക അക്കൗണ്ടിലായിരുന്നു വരവ് വന്നിരുന്നത്. തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഇതിനായി അക്കൗണ്ട് ആരംഭിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെ ഇതിനായി ഒരു അക്കൗണ്ട് സ്ഥാപനത്തിൽ ആരംഭിച്ചിട്ടില്ല. ഇതുകൊണ്ട് തന്നെ നാളിതുവരെയുള്ള ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എഞ്ചീനീയറുടെ അക്കൗണ്ടിലേക്കാണ് വരവ് വയ്ക്കപ്പെട്ടത്. ഈ തുക സമയബന്ധിതമായി ആവശ്യപ്പെടാനോ ഈടാക്കി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാനോ സ്ഥാപനം ശ്രമിച്ചിട്ടില്ല. കൂടാതെ, ഫീസ് ലഭിക്കുന്നതിനനുസരിച്ച് ഈ ഇനത്തിൽ വർഷങ്ങളായി അക്കൗണ്ടിൽ ഡിമാന്റ് അക്രൂ ചെയ്യാത്തതിനാൽ മേൽ തുക പൂർണ്ണമായും പഞ്ചായത്ത് അക്കൗണ്ടിന് പുറത്താണുള്ളത്. ഇതുമൂലം ലഭിക്കേണ്ട തുക മുഴുവൻ വാർഷിക കണക്കിൽ വരവ് ഭാഗത്ത് ഉൾപ്പെട്ടിട്ടില്ലെന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്.

2015-16 മുതൽ നാളിതുവരെയുള്ള കാലയളവിൽ ലഭിക്കേണ്ട തുകയുടെ വിശദാംശം സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. ഈ വിവരം പരിശോധിച്ച് ആകെ ലഭിക്കേണ്ട തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ, ഇക്കാര്യത്തിൽ ഇതുവരെ നടപടി സ്വീകരിക്കാത്തതിനും വരുമാനം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്താത്തതിനും വിശദീകരണം നല്കേണ്ടതുമാണ്. അടിയന്തിരമായി ഇ ടെണ്ടറിനായി എഞ്ചിനീയറുടെ പേരിൽ ബേങ്ക് അക്കൌണ്ട് ആരംഭിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

### 1-12 മൃഗാശുപത്രിയിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - പ്രൈസ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

മൃഗാശുപത്രിയിലേക്ക് ഫർണ്ണീച്ചർ വാങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. | 174/23 |
| അടങ്കൽ | 71610/- |
| ഫണ്ട് | M.G (N.r) |
| ചെലവ് | 69857/- |
| ബിൽനം. തി. | 79/23/23.3.23 |

മൃഗാശുപത്രിയിലേക്ക് സ്റ്റീൽ പരിശോധനാ ടേബിൾ, സ്റ്റീൽ റാക്ക്, ഫൈബർ കസേര എന്നീ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.കാഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ടാണ് സാധനങ്ങൾ വാങ്ങിയത്.എന്നാൽ സാധനങ്ങൾ കാഡ്കോയുടെ ചെറുകിട വ്യവസായ യൂണിറ്റുകളിൽ നിർമ്മിച്ചവയാണെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, പ്രൈസ് ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനമെടുത്തതായി കാണുന്നില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല (നം.14/23/02.12.23) രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-13 റോഡ് അറ്റകുറ്റപണി സമയബന്ധിതമല്ല- അറ്റകുറ്റപ്പണിക്ക് ചെലവേറുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷം നിർവ്വഹിച്ച താഴെ കൊടുത്ത പ്രവൃത്തികൾ റോഡ് അറ്റകുറ്റപ്പണികൾക്കുള്ളതാണ്. ഈ പ്രവൃത്തികളിൽ റോഡിന്റെ വലിയൊരുഭാഗം പുനർനിർമ്മാണം നടത്തേണ്ട ഇനങ്ങൾ കൂടി ഉൾപ്പെട്ടു കാണുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവു തുക |
|---|---|---|
| 1 | 130/23-മുള്ളമ്പത്ത് ജാനകിക്കാട് റോഡ് | 783748 |
| 2 | 117/23-സെമിത്തേരി വില്ല്യം പാറ റോഡ് | 499482 |
| 3 | 125/23-നെല്ലിക്കുന്ന് പശുക്കടവ് റോഡ് | 794211 |
| 4 | 122/23- കുപ്പക്കട പാമ്പങ്കോട് റോഡ് | 598739 |
| 5 | 90/23- മേപ്പാടിത്താഴ വെട്ടോറ കച്ചേരിത്താഴ റോഡ് | 527915 |
| 6 | 89/23- കളത്തിൽ താഴ നവോദയാ വായനശാല റോഡ് | 499365 |

മേൽ പ്രവൃത്തികളുടെ കാര്യത്തിൽ നിലവിലുള്ള റോഡിന്റെ വലിയ ഭാഗം കുണ്ടും കുഴിയും നിറഞ്ഞതിനാൽ പ്രതലം സ്കാരിഫൈ ചെയ്ത് അത്രയും ഭാഗത്തിൽ പുതിയ നിർമ്മിതിക്ക് ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തിയാണ് നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. ഓഡിറ്റ് പരിശോധനാ വിധേയമാക്കിയ പ്രൊജക്ടുകളിൽ ഉൾപ്പെട്ടവ മാത്രമാണ് മേല്പറഞ്ഞവയെന്നതിനാൽ അറ്റകുറ്റപ്പണി നടത്തിയ ഭൂരിഭാഗം റോഡുകളിലും ഇത്തരത്തിൽ ചെലവുവരാനുള്ള സാധ്യതയുണ്ട്. റോഡുകൾ സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്താത്തതാണ് ഇപ്രകാരമുള്ള അനാവശ്യ ചെലവിലേക്ക് നയിക്കുന്നതെന്ന് കാണാം. മെയിന്റനൻസ് ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകയുടെ വലിയൊരുഭാഗം വിനിയോഗിക്കാതെ നഷ്ടപ്പെടുത്തുന്ന സാഹചര്യത്തിൽ റോഡുകൾ യഥാസമയം റിപ്പയർ ചെയ്യാതെ വലിയ തുക അനാവശ്യമായി ചെലവഴിക്കപ്പെടുന്ന സാഹചര്യം അംഗീകരിക്കാവുന്നതല്ല. പദ്ധതി ആസൂത്രണമാർഗ്ഗരേഖ, പുതുക്കിയ Pwd മാന്വൽ എന്നിവയിൽ നിഷ്കർഷിക്കും വിധം ഓരോ വർഷവും ഒരു റോഡ് മെയിന്റനൻസ് പ്ലാൻ സ്ഥാപനം തയ്യാറാക്കാത്തതും അപാകതയ്ക്ക് കാരണമായിട്ടുണ്ട്.ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. 2021-22വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-26 ൽ ഇക്കാര്യം പ്രതിപാദിച്ച കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

## 1-14 ലൈഫ് ഭവന നിർമ്മാണ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച

പദ്ധതി വർഷം നടപ്പാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതിയുടെ പേര് | പ്രൊജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം . എസ്.സി (Spill Over) | 25/23 | 950000 | 7,30,000 |
| ലൈഫ് ഭവന നിർമ്മാണം. എസ്.സി (New) | 177/23 | 8400000 | 2374785 |

ലൈഫ് പദ്ധതിയിൽ എഗ്രിമെന്റ് വെച്ച് അഡ്വാൻസ് കൈപ്പറ്റിയവരിൽ 2 പേർ ഇതുവരെ പ്രവർത്തി ആരംഭിച്ചിട്ടില്ല. ഈ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക |
|---|---|
| രമ്യ മിഥുൻരാജ്<br>പുഴക്കൽ. വീട്<br>കാവിലുംപാറ<br>തൊട്ടിൽപ്പാലം | 40000/- |

| | |
|---|---|
| ചന്ദ്രി<br>W/o കേളപ്പൻ<br>കാട്ടിലോട്ട്<br>മരുതോങ്കര | 40000/- |

ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/23/02.12.23) മറുപടി നൽകിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തിയാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരിച്ച് പിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പെണ്ണാട് വിതരണം(വനിത) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

വനിതകൾക്ക് പെണ്ണാട് വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| പ്രോജക്റ്റ് നം. | 54/23 |
| അടങ്കൽ | 10000/- |
| ഫണ്ട് | വികസന ഫണ്ട്(g) |
| ചെലവ് | 10000/- |
| ബിൽനം. തി. | 681/23/30.4.22 |

വനിതകൾക്ക് രണ്ട് പെണ്ണാടുകളെ വീതം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. സ.ഉ(കൈ) നം.115/2018/തസ്വഭവ. തി.28.5.2022 പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖ ഖ.6-3-3 ൽ ഗുണഭോക്താക്കൾ വാങ്ങുന്ന ആടുകൾക്ക് 12 കിലോ ഭാരം എങ്കിലും ഉള്ളവയായിരിക്കണം എന്ന് പരാമർശിച്ചിട്ടുണ്ട്. ഒരു വയസ്സിന് താഴെ പ്രായമുള്ള ആടുകളുടെ വിലയായി ജില്ലാ തല യൂണിറ്റ് കോസ്റ്റ് 1 കിലോഗ്രാമിന് 500/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത് പ്രകാരമാണ് സബ്സിഡി നൽകിയിരിക്കുന്നത്. എന്നാൽ ആടുകളുടെ പ്രായം, തൂക്കം വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/23/02.12.23) മറുപടി നൽകിയിട്ടില്ല. അപാകതൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 കാലിത്തീറ്റ സബ്സിഡി നൽകിയതിലെ അപാകതകൾ

നിർവ്വഹണം - ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ - 5,00,000

ചെലവ് - 2,49,700

കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി എന്ന പദ്ധതിയിൽ വികസനഫണ്ടിൽ നിന്ന് 2,00,000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 49,700/- രൂപയുമുൾപ്പെടെ 2,49,700/- രൂപ കർഷകർക്ക് കാലിത്തീറ്റ വാങ്ങിയതിന് സബ്സിഡി നൽകിയിട്ടുണ്ട്. സ.ഉ (കൈ)നം.115/2022 /തസ്വഭവ തീയതി 28/05/2022 ഖണ്ഡിക 6.3 (16) പ്രകാരം 50% സബ്സിഡി നിരക്കിൽ പൂക്കാട്, കാവിലുംപാറ, കുണ്ടുതോട്, മരുതോങ്കര, മുണ്ടക്കുറ്റി എന്നീ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ മുഖേനയാണ് കാലിത്തീറ്റ കർഷകർക്ക് വിതരണം ചെയ്തത്. മിൽമ , കേരളഫീഡ്സ് എന്നീ

സ്ഥാപനങ്ങളിൽ നിന്നാണ് സംഘങ്ങൾ കാലിത്തീറ്റ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ വാങ്ങിയ വിലയേക്കാൾ 130 രൂപ വരെ അധികം ഈടാക്കിയാണ് വിവിധ സംഘങ്ങൾ കാലിത്തീറ്റ കർഷകർക്ക് വിതരണം ചെയ്തിരിക്കുന്നത്. കൂടാതെ വിവിധ സംഘങ്ങൾ വിവിധ നിരക്കിലാണ് കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതായി കാണുന്നത്. ഹാംഡ്‌ലിംഗ് ചാർജ് എത്ര രൂപയാണെന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | സബ്സിഡി നൽകിയ തുക, സാംക്ഷൻ ഓർഡർ | സംഘത്തിന് കാലിത്തീറ്റ വിറ്റ സ്ഥാപനവും വിലയും (ചാക്കൊന്നിന്) | ക്ഷീരസംഘങ്ങൾ കാലിത്തീറ്റയുടെ വിലയിനത്തിൽ കർഷകരിൽ നിന്ന് ഈടാക്കിയ തുക |
|---|---|---|---|
| 1 | 54592 രൂപ (222/26.2.23) | കേരള ഫീഡ്സ് 50കിലോയുടെ ചാക്കൊന്നിന് 1283 രൂപ വീതം 79 ചാക്ക് | പൂക്കാട് - 1395<br>കാവിലുംപാറ - 1370<br>കുണ്ടുതോട് - 1340<br>മരുതോങ്കര -1400<br>മുണ്ടക്കുറ്റി - 1380 |
| 2 | 49700 രൂപ (223/26.2.23) | കേരള ഫീഡ്സ്, 50കിലോയുടെ ചാക്കൊന്നിന് 1420 രൂപ വീതം 69 ചാക്ക് | മരുതോങ്കര -1450 |
| 3 | 63750 രൂപ (276/16.3.23) | മിൽമ , 50കിലോ ചാക്കൊന്നിന് 1120 രൂപ വീതം 102 ചാക്ക് | മരുതോങ്കര -1250 |
| 4 | 71070 രൂപ (277/16.3.23) | കേരള ഫീഡ്സ്, 50കിലോ ചാക്കൊന്നിന് 1283 രൂപ വീതം 103 ചാക്ക് | മുണ്ടക്കുറ്റി - 1380 |

| | | | |
|---|---|---|---|
| 5 | 10350രൂപ (317/23.3.23) | കേരള ഫീഡ്സ്, 50കിലോ ചാക്കൊന്നിന് 1283 രൂപ വീതം 15ചാക്ക് | മുണ്ടക്കറ്റി - 1380 |
| 6 | 238 രൂപ | 1 ചാക്ക് (കുടിശ്ശിക തുക) | മുണ്ടക്കറ്റി - 238 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/ 2022-23) ഡയറി ഫാം ഇൻസ്ട്രക്ടർ നൽകിയ മറുപടിയിൽ ക്ഷീരസംഘങ്ങൾ മുഖേന വിൽപ്പന നടത്തുന്ന കാലിത്തീറ്റയുടെ വിൽപ്പന വില ഏകീകരിക്കുന്നതിന് നാളിതുവരെ സർക്കാരിൽ നിന്ന് ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ലായെന്നും മാർഗ്ഗരേഖയിൽ ഇക്കാര്യം പരാമർശിച്ചിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ വ്യത്യസ്ത നിരക്കിലും അമിത നിരക്കിലും കാലിത്തീറ്റയ്ക്ക് വില ഈടാക്കുന്നത് സബ്സിഡി ഇനത്തിൽ അധികം തുക ചെലവഴിക്കുന്നതിനും കർഷകർക്ക് ന്യായവിലയിൽ കാലിത്തീറ്റ ലഭിക്കാതിരിക്കുന്നതിനും കാരണമാകുന്നു. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**1-17 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച**

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ആനുകൂല്യം നൽകുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 66/23 |
| അടങ്കൽ | 110000/- |
| ഫണ്ട് | വികസനം.(SCP) |
| ചെലവ് | 110000/- |
| ബിൽ നം.തി. | 232/23/10.3.23 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ (കൈ) നം.115/2022/തസ്വഭവ.തി.28.05.2022പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7-2-17 ൽ നിലവിൽ 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടുള്ള ഗുണഭോക്താക്കൾക്കാണ് ഈ ആനുകൂല്യത്തിനർഹത. എന്നാൽ ഈ പദ്ധതിയിൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ വീടുകളുടെ വിസ്തൃതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ ഇല്ല.

2. സിനോജൻ. പാറച്ചാലിൽ കാവിൽ.അടുക്കത്ത്.പിഒ എന്ന ഗുണഭോക്താവ് അഡ്വാസ് കൈപ്പറ്റി പണി പൂർത്തിയാക്കാത്തതിനാൽ തുക തിരിച്ചടയ്ക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട് (കത്ത് നം.SC4-4624/26.11.2022) എന്നാൽ ഇതിന്മേൽ തുടർ നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

4. പദ്ധതി സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/23/02.12.23) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

### 1-18 കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച

2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിക്ഷിപ്തമാണ്. ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മരുതോങ്കര എഫ്.എച്ച്.സി - ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ 2018-19 മുതൽ ഉള്ളത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രോഗികളിൽ നിന്ന് വാങ്ങുന്ന ഒ.പി ടിക്കറ്റ് ചാർജ്, വിവിധ ലാബ് ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുകകൾ, മറ്റ് വരുമാനങ്ങൾ എന്നിങ്ങനെ നിലവിൽ എച്ച്.എം.സിയുടെ വരുമാനം വർധിച്ചിട്ടുണ്ട്. ഇവ കൃത്യമായി പരിശോധിക്കപ്പെടാതെയിരിക്കുന്നത് ശരിയായ നടപടിയല്ല. വാർഷിക കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-19 കരാറുകാരുമായി വയ്ക്കുന്ന കരാറിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി .എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും കാണുന്നു. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്ന മറ്റ് മേഖലകൾ. വിശദാംശം താഴെ കൊടുക്കുന്നു.

#### എ) സ്പെസിഫിക്കേഷൻ

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി അനാലിസിസ് ഓഫ് റേറ്റും (DAR) ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റും (DSR) ബാധകമാക്കിയിട്ടുണ്ട്. ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്നു കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്.

#### ബി) പിഴ സംബന്ധിച്ച അപാകത

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്നു. ചില പ്രൊജക്റ്റുകളുടെ കാര്യത്തിൽ 2012 ൽ പുതുക്കിയ PWD മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചപ്പോൾ മറ്റുള്ളവയുടെ കാര്യത്തിൽ മേൽ മാന്വലിനു മുമ്പുള്ള വ്യവസ്ഥകളാണ് പ്രതിപാദിച്ചിരിക്കുന്നത്(ഉദാ-പ്രൊ നം 201-കളത്തിൽ താഴ നവോദയാ റോഡ്). പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2%പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും

ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിതസമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിതകാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നുമാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് ചില പ്രവൃത്തികളുടെ കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്.

**സി) പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം**

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭവ്യമാണെന്ന് കാണാം. ഉദാഹരണമായി ഓഡിറ്റ് വർഷം രൂപീകരിച്ച 9 പ്രൊജക്ടുകൾക്ക് കരാർ വച്ചിരിക്കുന്നത് 18.3.23തീയതിക്കു ശേഷമാണ്. എന്നാൽ ഈ പ്രവൃത്തികളെല്ലാം 31.3.22 ന് പൂർത്തീകരിക്കുമെന്നാണ് കരാറുകാർ ഉറപ്പു നല്കിയിരിക്കുന്നത്. കരാർ നിഷ്കർഷിക്കുന്ന എഞ്ചിനീയറോ കരാർ ഒപ്പിടുന്ന കരാറുകാരനോ ഇത്തരത്തിലുള്ള വസ്തുതകളുടെ സാംഗത്യം പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്.

പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.കൂടാതെ അപാകത പരിഹരിച്ച് കരാറുകളിലെ വ്യവസ്ഥകൾ കാലികമാക്കി മാത്രം തുടർന്നുള്ള പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

**1-20 റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ മിക്കവാറും റോഡ് പ്രവൃത്തികളും നിർവ്വഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ലെന്ന് കാണുന്നു.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവു തുക |
|---|---|---|
| 1 | 130/23-മുള്ളമ്പത്ത് ജാനകിക്കാട് റോഡ് | 783748 |
| 2 | 117/23-സെമിത്തേരി വില്ല്യം പാറ റോഡ് | 499482 |
| 3 | 125/23-നെല്ലിക്കുന്ന് പശുക്കടവ് റോഡ് | 794211 |
| 4 | 122/23- കുപ്പക്കട പാമ്പങ്കോട് റോഡ് | 598739 |
| 5 | 90/23- മേപ്പാടിത്താഴ വെട്ടോറ കച്ചേരിത്താഴ റോഡ് | 527915 |
| 6 | 89/23- കളത്തിൽ താഴ നവോദയാ വായനശാല റോഡ് | 499365 |

ഈ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയ പേവിംഗ് ഇനം മിക്സഡ് സീൽ സർഫസ്(മാന്വൽ മീൻസ്) ആണ്. മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (Item Nomber 509) അടിസ്ഥാനപ്പെടുത്തിയാണ് ഇത്

തയ്യാറാക്കിയതെന്ന് ഡാറ്റാബുക്കിൽ നിന്നും വ്യക്തമാകുന്നു. 20 Mm സെമി ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പേവിംഗ് നിർമ്മിതി പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്പ്രെഡ്ഡിംഗും (Material Spreading Or Laying) നിർവ്വഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Propelled Hydrolic Paving Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു. എന്നാൽ റോഡിന്റെ നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതിയോ (Narrow Width) ഉണ്ടെങ്കിൽ , അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉപയോഗപ്പെടുത്തി സ്പ്രെഡ്ഡിംഗ് നടത്താമെന്ന് ഇതേ ഇനത്തിന്റെ അവസാന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ഉപയോഗപ്പെടുത്താനാണ് മോർഡ് ഡാറ്റാ ബുക്കിലെ 5.11നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ സ്ഥാപനത്തിലെ മേല്പറഞ്ഞ റോഡുകൾ പൂർണ്ണമായും ബിറ്റുമിൻ പേവിംഗ് നടത്തിയിരിക്കുന്നത് ഈ ഇനം ഉപയോഗപ്പെടുത്തിയാണ്. ആവശ്യത്തിന് മെറ്റീരിയൽ ഇത്തരത്തിലുള്ള അശാസ്ത്രീയ നിർമ്മിതിയിൽ ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ റോഡിന്റെ ആയുസ്സിനേയും(durability) നിമ്നോന്നതയുടെ (Undulations) ടോളറൻസ്(tolerance) പരിമിതമാണെന്ന് ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ ഗുണമേന്മയേയും ഈ നിർമ്മിതി പ്രതികൂലമായി ബാധിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. യഥാർത്ഥത്തിലുള്ള മിക്സഡ് സീൽ സർഫസിംഗ് (MSS Mechnical) രീതി ഗ്രാമപഞ്ചായത്തുകളിലെ റോഡുകളിൽ അവലംബിക്കാത്തതിന് കാരണമായി ഉയർത്തിക്കാട്ടപ്പെടുന്നത് പഞ്ചായത്തുകളിലെ ചെറിയ റോഡുകളിൽ പേവർ ഉപയോഗിക്കാൻ കഴിയാത്തതാണെന്നതാണ്. ഈ വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല. മോർഡ് സ്പെസിഫിക്കേഷൻ ഇനം 509.5.4.3 ൽ മെക്കാനിക്കൽ പേവർ , IRC 27 പ്രകാരമുള്ള അത്യാവശ്യ കാര്യങ്ങളുള്ള (Essential Features) വയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. IRC 27-2009 (Specifications For Bituminous Macadam) അനുബന്ധം A ഖണ്ഡിക E (H)ൽ പേവർ മെഷീൻ 2.5മീറ്റർ മുതൽ 4 മീറ്റർ വരേയോ 4 മീറ്റർ മുതൽ 7 മീറ്റർ വരേയോ വീതിയിൽ മെറ്റീരിയൽ വിരിക്കാൻ കഴിവുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്താതെ മിക്സഡ് സീൽ സർഫസിംഗ് മാന്വൽ രീതി അവലംബിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

**റോഡുകളുടെ നിർമ്മിതി - കുറഞ്ഞ ചെലവും ഗുണമേന്മയും മുൻ നിർത്തി MSS (മെക്കാനിക്കൽ) രീതി അവലംബിക്കേണ്ടതാണ്**

മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മിക്സഡ് സീൽ സർഫസിംഗും (MSS) മറ്റൊന്ന് 20mmപ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റുമാണ്. രണ്ടാമത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനുമുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ ആദ്യത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20 Mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20 Mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇത് പരിഗണിക്കുമ്പോൾ 2016 ലെ നിരക്ക് കണക്കാക്കിയാൽ 20 Mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറിന് ഏകദേശം 32% രൂപയുടെ അധിക ചെലവ് വരുന്നുണ്ടെന്ന് കാണുന്നു.

മിക്സഡ് സീൽ സർഫസ് (MSS) എന്ന ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള

Construction Operations കാണുക) എന്നാൽ 20 Mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്നതരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations), മോർത് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800 ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്, ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6 Mm ഉം കുറഞ്ഞത് -6 Mm മാണ്. അതായത് പരമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്മത (Undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാനുവൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരമാവധി + 10 Mmഉം -10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാനുവലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ്(tolerance) ആയ + 10 Mm ഉം – 10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥ വിശേഷമുണ്ട്.

മാനുവൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളുടെ നിർമ്മിതിയിൽ അവലംബിക്കേണ്ടത് അത്യാവശ്യമാണെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

ഇക്കാര്യങ്ങളിൽ സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

**1-21 പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല**

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി ചട്ടങ്ങൾ ഉൾപ്പടെ സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. കൂടാതെ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ആസൂത്രണമാർഗ്ഗരേഖകൾ , പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുമുണ്ട്.ഏറ്റവും ഒടുവിലായി ജി.ഒ(എം.എസ്)84/2022/ ത.സ്വ.ഭ.വ തി.19-04-2022 പ്രകാരം ഈ നിർദ്ദേശങ്ങൾ പുതുക്കി നൽകിയിട്ടുണ്ട്.(ഉത്തരവിലെ ഖണ്ഡിക 14ലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.) മേൽ ഉത്തരവിലെ ഖണ്ഡിക 14.1 , പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും അടങ്ങിയ സമിതിയോ, ഗ്രൂപ്പിന്റെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ, മൂന്നംഗങ്ങളിൽ കുറയാത്ത വർക്കിംഗ് ഗ്രൂപ്പ് ഉപസമിതിയോ, തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനമനുസരിച്ച് മോണിറ്ററിംഗ് നിർവ്വഹിക്കാവുന്നതാണ്. എന്നാൽഇത്തരത്തിൽ ഒരു തീരുമാനം ഒരു വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യത്തിലും സ്ഥാപനം നാളിതുവരെ കൈക്കൊണ്ടിട്ടില്ല. പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതും ഇതിനായി പ്രൊജക്ടിന്റെ പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രൊജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതും ഈ സമിതിയുടെ പ്രധാന ഉത്തരവാദിത്വമാണ് (ഖണ്ഡിക 14.4) ഖണ്ഡിക 14.7 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം,

കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് തുടങ്ങിയവയും പ്രദർശിപ്പിക്കണം.എന്നാൽ ഇത്തരത്തിൽ നിർവ്വഹണ ഘട്ടത്തിലോ നിർവ്വഹണ ശേഷമോ ബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നത് പ്രവൃത്തികളുടെ കാര്യത്തിൽ പ്രാദേശിക മോണിറ്ററിംഗും നടന്നിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഓഡിറ്റ് വർഷം നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാരം ഇതുകൊണ്ടുതന്നെ ഉറപ്പുവരുത്തപ്പെട്ടിട്ടില്ലെന്നു കാണാം.

എന്നാൽ ഓഡിറ്റ് വർഷത്തെ പ്രൊജക്ട് ഫയലുകൾ പരിശോധിച്ചതിൽ എല്ലാ പ്രൊജക്ടുകളും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ മോണിറ്റർ ചെയ്തിട്ടുണ്ടെന്ന് കാണുന്നു. ഇതിൽ പഞ്ചായത്ത് പ്രസിഡന്റും ഒപ്പു വച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ ചട്ടങ്ങളും മാർഗ്ഗരേഖകളും പ്രതിപാദിക്കുന്ന മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തി വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി വർഷം പ്രത്യേക കന്നുകുട്ടി പരിപാലനത്തിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| പ്രോജക്ട് നം. | 144/23 |
| അടങ്കൽ | 312500/- |
| ഫണ്ട് | വികസന ഫണ്ട്(g) |
| ചെലവ് | 312500/- |
| ബിൽനം. തി. | 629/23/15.3.23 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടത്തിപ്പിനായി ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. സ.ഉ (കൈ) നം.115/22/തസ്വഭവ തി.28.05.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.6-3-7ൽ മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്കാണ് ഈ ആനുകൂല്യം നൽകേണ്ടത്. എന്നാൽ ഈ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/23/02.12.23) മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 3,12,500/- തടസ്സത്തിൽ വെക്കുന്നു.

## 1-23 അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കിയില്ല.

അടിസ്ഥാന അതിജീവന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസസ്ഥലം, അടിസ്ഥാന വരുമാനം എന്നിവ ലഭിക്കാത്തവരും പരസഹായം ഇല്ലാതെ ദൈനംദിന ജീവിതം മുന്നോട്ട് കൊണ്ട് പോകാൻ കഴിയാത്തതുമായ അതിദരിദ്രരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി അവരുടെ അതി ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചതാണ് ഇ.പി.ഇ.പി (Extreme Poverty Eradication Programme) പദ്ധതി. ഈ പദ്ധതി യിൽ ഗ്രാമ പഞ്ചായത്തിൽ

31 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതിന് പദ്ധതി വർഷം പ്രൊജക്റ്റ് നം.218/23 ൽ ഉൾപ്പെടുത്തി മൂന്ന് ലക്ഷം രൂപ അടങ്കലിൽ പദ്ധതി ആവിഷ്കരിച്ചിരുന്നു. എന്നാൽ ഈ തുക ചെലവഴിച്ചിട്ടില്ല.

എൽ.എസ്.ജി.ഡി./പി.ഡി/59814-EPEP1 നമ്പർ കത്ത് പ്രകാരം അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട സംസ്ഥാനത്തെ 50 ശതമാനം കുടുംബങ്ങളെ 2023 നവംബർ ഒന്നിന് മുൻപ് അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കളെ അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/23 /02.12.23) മറുപടി നൽകിയിട്ടില്ല. അതിദാരിദ്ര്യ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയ സേവനങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 27.11.2023-28.11.2023 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 49022 | 19/22-23.എഫ്.എച്ച്.സി മരുന്നുവാങ്ങൽ | 49022 | 0 |
| | 2022-23 | 74460 | 13/22-23.പെയിൻ&പാലിയേറ്റീവ് പരിപാലനം | 74460 | 0 |
| | 2022-23 | 40000 | 105/22-23.വീട് വാസയോഗ്യമാക്കൽ -അഗതി | 40000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ആശ്രയ | | |
| | 2022-23 | 220000 | 82/22-23.ലൈഫ് ഭവനപദ്ധതി -ജനറൽ | 220000 | 0 |
| | 2022-23 | 199858 | 170/22-23.ലൈഫ് ഭവനപദ്ധതി -പട്ടികവർഗ്ഗം | 199858 | |
| | 2022-23 | 208000 | 177/22-23.ലൈഫ് ഭവനപദ്ധതി -എസ്സ്.സി | 208000 | |
| | 2022-23 | 350000 | 151/22-23.ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 350000 | |
| | 2021-22 | 401275 | 38/22-23(SO).ചെക്കുറ കുടിവെള്ള പദ്ധതി | 401275 | |
| | 2022-23 | 200000 | 222/22-23.നടുത്തോട് ശുചീകരണം | 200000 | |
| | 2022-23 | 199997 | 127/22-23.ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 199997 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | 82/22-23.ലൈഫ് ഭവനപദ്ധതി -ജനറൽ | 100000 | 0 |
| | 2022-23 | 40000 | 170/22-23.ലൈഫ് ഭവനപദ്ധതി -പട്ടികവർഗ്ഗം | 40000 | |
| | 2022-23 | 933860 | 177/22-23.ലൈഫ് ഭവനപദ്ധതി -എസ്സ്.സി | 933860 | |
| | 2022-23 | 116667 | 151/22-23.ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 116667 | |
| | 2022-23 | 49700 | 129/22-23. കാലിത്തീറ്റ സബ്സിഡി | 49700 | |
| | 2022-23 | 99996 | 127/22-23.ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 99996 | |

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.68/ 2018, തീയ്യതി- 18.05.2018 | | 11824000 | 1573574 | | 10250426 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 282995 |
| തൻവർഷം നിക്ഷേപിച്ച തുക | 1024055 |
| ആകെ | 1307050 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1307050 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് ബേങ്ക് മുള്ളൻകുന്ന് | 1307050 |
| ആകെ | | 1307050 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 ചെലവ് | 32 | 2003-04 | 11.13.1.4 | ബുക്ക് ബൈൻഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല | തടസ്സം തുടരുന്നു |
| 1998-99 | മറ്റ് പരാമർശം | 2003-04 | 11.14 | നാളീകേര കോംപ്ലക്സ് നിർമ്മാണം | തടസ്സം തുടരുന്നു |
| 1999-2000 | മറ്റ് പരാമർശം | 2003-04 | 11.14 | സാധുക്കളുടെ വീട് ഓട് മേയൽ | തടസ്സം തുടരുന്നു |
| 2001-02 | 12 | 2003-04 | 11.13.1.2 | നാളീകേര കോംപ്ലക്സ് പ്രവർത്തനമാരംഭിച്ചില്ല | തടസ്സം തുടരുന്നു |
| 1999-00 | | 2003-04 | 11.14 മറ്റ് പരാമർശം | സാധുക്കളുടെ വീട് ഓട് മേയൽ | തടസ്സം തുടരുന്നു |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 34949353 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33212542 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1281607 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1- 10 | 969107 | ശ്രീ.സുജിത്ത് ടി.വി,സെക്രട്ടറി |
| 1-22 | 312500 | ഡോ.വിദ്യാലക്ഷ്മി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.സുജിത്ത് ടി.വി,സെക്രട്ടറി | സെക്രട്ടറി,മരുതോങ്കര ഗ്രാമപഞ്ചായത്ത് | തെക്കെ വിലാരത്ത്, പുറമേരി,വടകര |
| ഡോ.വിദ്യാലക്ഷ്മി | വെറ്ററിനറി സർജൻ, മരുതോങ്കര | പ്ലോട്ട് നം-38, കെ.എസ്.എച്ച് . ബി കോളനി,ചാലക്കണ്ടി സൗത്ത്,തൃശ്ശൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 ചെലവ് | കെ.എസ്.എ.കെ.കെ. ഡി.പി7/766/22(1) തീ-22.10.2022 | 4 | 19,30,32,35 |
| 1999-00 | കെ.എസ്.എ.കെ.കെ. ഡി.പി7/766/22(3) തീ-22.10.2022 | 2 | 28,32 |
| 2000-01 പ്ലാൻ | എൽ എഫ് കെ കെ ഡി/ എസ്2/1181/03 തീ. 01.09.2005 | 2 | 3-2,3-4 |
| 2001-02 ഡി.സി.ബി. | കെ.എസ്.എ.കെ.കെ.ഡി.പി7/ 766/22(5)തീ-22.10.2022 | 3 | 3-2,3-3,4-1 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി7/ 766/22(6) തീ-22.10.2022 | 1 | 2-1(3,4) |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി7/ 766/22(10) തീ-22.10.2022 | 3 | 3-7(2), 3-14, 3-15 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി7/ 766/22(13) തീ-22.10.2022 | 1 | 3-1(എ, ബി) |
| 2010-11 & 11-12 | കെ.എസ്.എ.കെ.കെ.ഡി.പി7/ 766/22(14) തീ-22.10.2022 | 2 | 3-12, 3-19 |

| | | | |
|---|---|---|---|
| 2012-13 & 13-14 | കെ.എസ്.എ.കെ.കെ.ഡി.പി7/ 766/22(15) തീ-22.10.2022 | 1 | 3-3 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി7/ 766/22(16) തീ-22.10.2022 | 17 | 2-2, 2-3 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി7/766/2022(17) തി-22.10.2022 | 6 | 3-1,3-2,3-3, 3-4, 3-5,3-6 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി7/ 766/22(18) തീ-22.10.2022 | 3 | 2-3(5), 3-1-(1), 3-2 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി10/766/2022(19)തീ-22.10.22 | 5 | 1-12(1), 3-4, 3-5, 3-8(1), 3-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/ പി7/776/2022 തീ-22.10.2022 | 7 | 1-6, 1-11, 1-16, 1-20, 1-21, 1-22, 1-23 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/ പി7/1211/2022 തീ-29.05.2023 | 20 | 1-1,1-2-1,1-4-1,1-5, 1-6-1,1-9,1-11,1-12, 1-14,1-15,1-17, 1-18, 1-19 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/ പി7/1878/2022 തീ-29.05.2023 | 23 | 1-1,1-7 മുതൽ 1-18 വരെ 1-20,1-21, 1-24, 1-25,1-26, 1-28, 1-29, 1-30, 3-1, 3-2, 4-8,4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/ പി7/730/2023 തീ-24.05.2023 | 19 | 1-1,1-4,1-9, 1-11 മുതൽ 1-23 വരെ, 1-26,1-27, 4-8,4-11 |
| 1997-98 | എൽ.എഫ്.എസ്.2/1510/01 തീ. 21/10/2002 | 4 | 27,31,36,41 |
| 2019-20 | | | 1-20,1-21, 1-28,1-29, 3-1,4-8,4-9 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 11-05-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Maruthonkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Maruthonkara Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Maruthonkara Grama Panchayat for the Year 2022-2023 .

**1.Major Observations**

nil

**2.Other Observations**

1-The following mandatory financial statements prescribed in accounting rules are not submitted for audit. Eg. Ratios

2.Cash flow Statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Lapses in making timely and accurate demand entries in respect of tax and non tax revenue

4.The demand registers are not periodically reconciled with accounts

5.No authenticated worksheet available for the calculation of Depreciation provided for assets

6.E tender fee not accounted

7.The amount of CFC-PFMS vary from B4 &B-17 statement of the Balance sheet

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്